"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - ബാലുശ്ശേരി നിയോജകമണ്ഡലം - അയനിക്കാട് കോയമ്പ്രത്തുകണ്ടി പാലം എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് - കരുവണ്ണൂർ അരീക്കച്ചാൽ റോഡ് പുനർനിർമ്മാണം, തിയ്യക്കണ്ടി മുക്ക് അലേമ്പ്രത്താഴെ വെങ്ങളത്തുകണ്ടി റോഡ് നിർമ്മാണം, കാവുന്തറ തൈക്കണ്ടിമുക്ക് റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1258/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/06/2020

---

പരാമർശം:- 1 സ.ഉ.(സാധാ)നം.2454/2017/തസ്വഭവ, തീയതി 18.07.2017.

2 സ.ഉ.(സാധാ)നം.10266/2019/ധന, തീയതി 31.12.2019.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 20.03.2020-ലെ AB2/DB4/3761/2020/സിഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ എം.എൽ.എ -യുടെ 2016-17 ആസ്തി വികസന ഫണ്ടിൽ നിന്നും 100 ലക്ഷം രൂപ അനുവദിച്ച നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ അയനിക്കാട് കോയമ്പ്രത്തുകണ്ടി പാലം എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതി റദ്ദ് ചെയ്ത് ടി തുകയിൽ നിന്നും 60 ലക്ഷം രൂപ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ കരുവണ്ണൂർ അരീക്കച്ചാൽ റോഡ് പുനർനിർമ്മാണത്തിനും 30 ലക്ഷം രൂപ നടുവണ്ണൂർ പഞ്ചായത്തിലെ തന്നെ തിയ്യക്കണ്ടി മുക്ക് അലേമ്പ്രത്താഴെ വെങ്ങളത്തുകണ്ടി റോഡിനും 10 ലക്ഷം രൂപ കാവുന്തറ തൈക്കണ്ടിമുക്ക് റോഡിനും അനുവദിച്ച് ഭരണാനുമതി നൽകാൻ എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച്, പരാമർശം (2) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

2. മേൽ പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി നടുവണ്ണൂർ പഞ്ചായത്തിലെ കരുവണ്ണൂർ അരീക്കച്ചാൽ റോഡ് പുനർനിർമ്മാണം, നടുവണ്ണൂർ പഞ്ചായത്തിലെ തന്നെ തിയ്യക്കണ്ടി മുക്ക് അലേമ്പ്രത്താഴെ വെങ്ങളത്തുകണ്ടി റോഡ്, കാവുന്തറ തൈക്കണ്ടിമുക്ക് റോഡ് എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ഡി.പി.ആർ, ചെക്ക് ലിസ്റ്റ്, അനുബന്ധ രേഖകൾ എന്നിവ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം (3) പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ എം.എൽ.എ-യുടെ 2016-17 ആസ്തി വികസന ഫണ്ടിൽ നിന്നും 100 ലക്ഷം രൂപ അനുവദിച്ച് നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ അയനിക്കാട് കോയമ്പ്രത്തുകണ്ടി പാലം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയ പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത്, ടി തുകയിൽ നിന്നും 60 ലക്ഷം രൂപ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ കരുവണ്ണൂർ അരീക്കച്ചാൽ റോഡ് പുനർനിർമ്മാണത്തിനും 30 ലക്ഷം രൂപ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ തന്നെ തിയ്യക്കണ്ടി മുക്ക് അലേമ്പ്രത്താഴെ

വെങ്ങളത്തുകണ്ടി റോഡ് നിർമ്മാണത്തിനും 10 ലക്ഷം രൂപ കാവുന്തറ തൈക്കണ്ടിമുക്ക് റോഡ് നിർമ്മാണത്തിനും അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. ആയത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജെക്ട്സ് അണ്ടർ എൽ.എ.സി.എ.ഡി.എസ്.' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. മേൽ പ്രവൃത്തി നടപ്പാക്കുന്നതിന് വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും നിർബന്ധനകളും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റിഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് .
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട്.
സെക്രട്ടറി, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.06.25 16:32:46 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്.